ഇന്തോ സ്വിസ് ആയുർവേദ ഫൗണ്ടേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കോയമ്പത്തൂർ ആര്യ വൈദ്യ ഫാർമസി മാനേജിങ് ഡയറക്ടർ ഡോ. പി.ആർ.കൃഷ്ണകുമാർ, ഫൗണ്ടേഷൻ സ്ഥാപക പ്രസിഡന്റ് ഡോ. സിമോൺ ഹൻസികർ എന്നിവർ ധാരണാപത്രം കൈമാറുന്നു.

ഇന്തോ സ്വിസ് ആയുർവേദ ഫൗണ്ടേഷൻ സ്ഥാപിച്ചു

കോയമ്പത്തൂർ● ആര്യ വൈദ്യ ഫാർമസി (എവിപി)യും സിറ്റ്സർലന്റിലെ സ്വിസ് ആയുർവേദിക് മെഡിക്കൽ അക്കാദമിയും ചേർന്ന് ആയുർവേദ പരിപോഷണത്തിന് ഇന്തോ സ്വിസ് ആയുർവേദ ഫൗണ്ടേഷൻ(ഐഎസ്എ) സ്ഥാപിച്ചു. ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് ആയുർവേദ ചികിൽസയെ വളർത്തിയെടുക്കുക, അതിനായി ഗവേഷണങ്ങൾ നടത്തുക, രണ്ടു രാജ്യങ്ങളിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്ന് ആയുർവേദ പഠനത്തിന് അവസരമൊരുക്കുക തുടങ്ങിയവയാണ് ഫൗണ്ടേഷന്റെ ലക്ഷ്യമെന്ന് ആര്യവൈദ്യ ഫാർമസി മാനേജിങ് ഡയറക്ടറും ഫൗണ്ടേഷൻ അഡ്വൈസറി ബോർഡ് അംഗവുമായ ഡോ.പി.ആർ.കൃഷ്ണകുമാർ അറിയിച്ചു.

ഫൗണ്ടേഷന്റെ ആദ്യ യോഗം മാങ്കര പത്ഞ്ജലിപുരിയിൽ നടത്തി. ഡോ.പി.ആർ. കൃഷ്ണകുമാർ, ഫൗണ്ടേഷൻ സ്ഥാപക പ്രസിഡന്റ് ഡോ.സിമോൺ ഹൻസികർ എന്നിവർ ഫൗണ്ടേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ധാരണാപത്രം കൈമാറി. ഐഎസ്എ വൈസ് പ്രസിഡന്റ് അംബാസഡർ സ്വാഷ് പവൻ സിങ്, അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടറും സ്ഥാപക കൗൺസിൽ അംഗവുമായ ആൻ കൈസർ തുടങ്ങിയവർ പങ്കെടുത്തു.